സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ആസ്ഥാനം, നന്തൻകോട്, തിരുവനന്തപുരം -695003
ഫോൺ : 0471 2315873 Mail id : tdbsabdw@gmail.com

**നം. CE/Estt/GL/2025/61**

**ചീഫ് എഞ്ചിനിയർ ആഫീസ്**
തിരുവനന്തപുരം,
തീയതി 19.07.2025

കൊല്ലവർഷം 1201 (2025-26) ലെ മണ്ഡല-മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് ശബരിമലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ താത്പര്യമുള്ള ഹിന്ദുക്കളായ പുരുഷൻമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ 18 നും 65 നും മദ്ധ്യേ പ്രായമുള്ളവരും ഹിന്ദുമതത്തിൽപ്പെട്ടവരും ആയിരിക്കണം. കൂടാതെ ആറു മാസത്തിനകം എടുത്തിട്ടുള്ള പാസ്പോർട്ട് സൈസ്സ് ഫോട്ടോ, ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ല എന്നു തെളിയിക്കുന്നതിന് സ്ഥലത്തെ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്, വയസ്സ്, മതം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ്, മൊബൈൽ/ഫോൺ നമ്പർ, മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്, പൂർണമായ മേൽവിലാസം, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം നിശ്ചിത മാതൃകയിൽ 10 രൂപയുടെ ദേവസ്വം സ്റ്റാമ്പ് ഒട്ടിച്ച് തയ്യാറാക്കിയ അപേക്ഷകൾ **16.08.2025 വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം – 695003** എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷാ ഫോറത്തിന്റെ മാതൃക തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ **www.travancoredevaswomboard.org** എന്ന വെബ്സൈറ്റിലും, ചീഫ് എഞ്ചിനീയർ ആഫീസിലും വിവിധ ഗ്രൂപ്പ് ആഫീസുകളിലെ നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി മാതൃകയിൽ അപേക്ഷ തയ്യാറാക്കി, പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനലും മറ്റു സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകളും സഹിതം ഹാജരാക്കേണ്ടതാണ്.

**Mobile No. 91889 11707 (10 AM to 5 PM)**

**Sd/-**

**ചീഫ് എഞ്ചിനീയർ**

സ്വാമി ശരണം

# ശബരിമല ദേവസ്വം 1201 എം.ഇ.(2025–26) മണ്ഡലം മകരവിളക്ക് മഹോത്സവം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുള്ള

## അപേക്ഷാ ഫാറം

| | | |
|---|---|---|
| 1. | പേര് | |
| 2. | വയസ്സ്, ജനന തീയതി | |
| 3. | മതം | |
| 4. | മേൽവിലാസം | |
| 5. | മൊബൈൽ/ ഫോൺ നമ്പർ<br>വാട്ട്സ് ആപ്പ് നമ്പർ ഉണ്ടെങ്കിൽ അത് | |
| 6. | പിതാവിന്റെ/മാതാവിന്റെ പേര് | |
| 7. | പിതാവിന്റെ/മാതാവിന്റെ/ഭാര്യയുടെ പേരും, മേൽ വിലാസവും ഫോൺ നമ്പരും | |
| 8. | അപേക്ഷകൻ ഏതെങ്കിലും വിധത്തിലുള്ള ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദീകരണം | |
| 9. | ആധാർ നമ്പർ | |
| 10. | ബാങ്ക് അക്കൗണ്ട് നമ്പർ, IFSC code<br>ബാങ്കിന്റെയും, ബ്രാഞ്ചിന്റെയും പേര് | |
| 11. | മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ വിവരം | |
| 12. | പൊലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ വിവരം | |
| 13. | മുമ്പ് ശബരിമലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ കാലയളവ്. ഏതൊക്കെ പോയിന്റിൽ ജോലി നോക്കി എന്നതു സംബന്ധിച്ച വിവരം | |
| 14. | മുമ്പ് സേവന കാലയളവിൽ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷണ നടപടികൾക്ക് വിധേയനായിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം | |

മേൽ വിവിരിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമാണെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു. ആയതിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ ചേർത്തിട്ടുള്ളതായി അധികാരികൾക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം എനിക്കെതിരെ എന്തു മേൽ നടപടികൾ സ്വീകരിക്കുന്നതിനും ഇതിനാൽ ഞാൻ സമ്മതിച്ചു കൊള്ളുന്നു.

അപേക്ഷകന്റെ പേരും, ഒപ്പും

സ്ഥലം:

തീയതി: